<u>പതിനാലാം കേരള നിയമസഭ</u>

<u>പത്താം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 3563

15.03.2018 ൽ മറുപടിക്ക്

## മലപ്പുറം വ്യവസായ വളർച്ചാ കേന്ദ്രത്തിൽ ഒഴിഞ്ഞുകിടക്കുന്ന ഭൂമി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി. ഉബൈദുള്ള | | ശ്രീ. എ.സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | കെ.എസ്.ഐ.ഡി.സി.യുടെ ഉടമസ്ഥത യിലുള്ള മലപ്പുറം വ്യവസായ വളർച്ചാ കേന്ദ്രത്തിൽ ഇപ്പോൾ ഏതെല്ലാം വ്യവസായ സ്ഥാപനങ്ങളാണ് പ്രവർത്തിച്ച് വരുന്നത്; അവ ഓരോന്നിന്റെയും പേരുവിവരങ്ങൾ വെളിപ്പെടുത്തുമോ; | (എ) (ബി) (സി) & (ഡി) | മലപ്പുറം വ്യവസായ വളർച്ചാ കേന്ദ്രത്തിന്റെ സ്ഥലം ഇൻകെൽ -കെ.എസ്.ഐ.ഡി.സി പ്രോജക്ട് ലിമിറ്റഡ് (ഇൻകിഡ്) എന്ന സ്ഥാപനത്തിന് ദീർഘകാല പാട്ട വ്യവസ്ഥയിൽ വ്യവസായികമായി ഉപയുക്തമാക്കുന്ന തിനുവേണ്ടി നൽകിയിരിക്കുകയാണ്. ഇവിടെ ഇൻകിഡ് മുഖാന്തിരം 12 വ്യവസായ സ്ഥാപനങ്ങൾക്കും മൂന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സ്ഥലം നൽകിയിട്ടുണ്ട് (വ്യവസായ സ്ഥാപനങ്ങളുടെ വിവരം അനുബന്ധം 1 ആയി ചേർക്കുന്നു).<br>പ്രസ്തുത വ്യവസായ പാർക്കിൽ വ്യാവസായിക ഉപയോഗത്തിനായി സ്ഥലം അനുവദിക്കുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. വ്യവസായ സംരംഭങ്ങൾ തുടങ്ങുവാൻ സാധിക്കുന്ന സാഹചര്യം സൃഷ്ടിക്കുകയാണ് ഇത്തരം കേന്ദ്രങ്ങളുടെ ലക്ഷ്യം. വ്യവസായ വളർച്ചാ കേന്ദ്രത്തിൽ വ്യാവസായികേതര ആവശ്യങ്ങൾക്ക് സ്ഥലം നൽകുന്നത് അഭികാമ്യമല്ല. |
| (ബി) | വ്യവസായ വളർച്ചാ കേന്ദ്രത്തിൽ ഒഴിഞ്ഞുകിടക്കുന്ന ഭൂമിയിൽ മറ്റ് വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ പദ്ധതിയുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ; | | |
| (സി) | വ്യവസായ വളർച്ചാ കേന്ദ്രത്തിൽ ഒഴിഞ്ഞ് കിടക്കുന്ന ഭൂമിയിൽ മറ്റ് വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ കഴിയാതെ വരുമ്പോൾ വ്യവസായികേതര ആവശ്യ ങ്ങൾക്ക് ഈ കേന്ദ്രത്തിലെ ഭൂമി വിട്ടു നൽകാൻ പദ്ധതിയുണ്ടോ; | | |
| (ഡി) | എങ്കിൽ കായിക വകുപ്പിന്റെ പരിഗണനയിലുള്ള നിർദ്ദിഷ്ട പി. മൊയ്തീൻകുട്ടി ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം വ്യവസായ വളർച്ചാ കേന്ദ്രത്തിൽ വിട്ടുനൽകുമോ? | | |

Bindu T

സെക്ഷൻ ഓഫീസർ

## അനുബന്ധം

ഇൻകിഡ് മുഖാന്തിരം മലപ്പുറത്ത് പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങളുടേയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും വിശദാംശങ്ങൾ .

I. വ്യവസായ സ്ഥാപനങ്ങൾ

| ക്രമ നമ്പർ | സ്ഥാപനങ്ങൾ | ഭൂവിസ്തീർണ്ണം | തൊഴിലാളികൾ | നിക്ഷേപം(സ്ഥലം+ കെട്ടിടം+ യന്ത്രങ്ങൾ+അടിസ്ഥാന സൗകര്യം) |
|---|---|---|---|---|
| 1. | വി.കെ.സി. ഇലാസ്റ്റമേഴ്സ് | 10 ഏക്കർ | 600 | 25 കോടി |
| 2. | സതേൺ ജെൻസെറ്റ് | 62.5 സെന്റ് | 11 | 2 കോടി |
| 3. | ക്യാപ്സ്റ്റോൺ വെഞ്ച്വേഴ്സ് | 1 ഏക്കർ | 100 | 3 കോടി |
| 4. | നാഥ് കൺസ്ട്രക്ഷൻസ് | 2.63 ഏക്കർ | 20 | 7 കോടി |
| 5. | ജാസ് മാനുഫാക്ചേഴ്സ് | 1 ഏക്കർ | 40 | 5 കോടി |
| 6. | ഡ്യൂറാടെക്ക് കോൺക്രീറ്റ്സ് | 2 ഏക്കർ | 10 | 4 കോടി |
| 7. | സ്മാർടെക്ക് ഇലക്ട്രിക്കൽ | 25 സെന്റ് | 10 | 1 കോടി |
| 8. | ഷൈൻ വെൽ ട്യൂബ്/കളത്തിങ്കൽ പോളിമേഴ്സ് | 67 സെന്റ് | 15 | 2 കോടി |
| 9. | വസന്ത് കൺസ്ട്രക്ഷൻസ് | 3 ഏക്കർ | 5 | 4 കോടി |
| 10. | ഇൻജാസ് ഫുട് വെയർ | 1 ഏക്കർ | 50 | 3 കോടി |
| 11. | സമസ്താ പ്രിന്റിംഗ് പ്രസ്സ് | 1.3 ഏക്കർ | 100 | 6 കോടി |
| 12. | വിന്നർ കോക്കനട്ട് ഷെൽ ഇൻഡസ്ട്രി | 50 സെന്റ് | 5 | 1 കോടി |

II. വിദ്യാഭ്യാസ സ്ഥാപനങ്ങൾ

| ക്രമ നമ്പർ | സ്ഥാപനങ്ങൾ | ഭൂവിസ്തീർണ്ണം | തൊഴിലാളികൾ | വിദ്യാർത്ഥികളുടെ എണ്ണം | നിക്ഷേപം (സ്ഥലം+ കെട്ടിടം+യന്ത്രങ്ങൾ+ അടിസ്ഥാന സൗകര്യം) |
|---|---|---|---|---|---|
| 1. | എസ്.എസ്.ജി/ഐ.ജി.ജെ | 1.37 ഏക്കർ | 40 | 100 | 5 കോടി |
| 2. | എൻ.റ്റി.റ്റി.എഫ് ട്രെയിനിംഗ് സെന്റർ | 3 ഏക്കർ | 25 | 350 | 15 കോടി |
| 3. | അറ്റ്ലസ് ഐഡിയൽ ബി സ്കൂൾ | 4 ഏക്കർ | 30 | 200 | 8 കോടി |

Bindu T
സെക്ഷൻ ഓഫീസർ